പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 04/12/2015 - ൽ മറുപടിക്ക്

ചോദ്യം നമ്പർ. 126

## കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ദാസൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ,വി.അബ്ദുൾ ഖാദർ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നത് എന്ന് അറിയിക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം), നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (എൻ.യു.എൽ.എം), മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി), ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ), Attappady Comprehensive Integrated Tribal & PVTG Development Project, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻ.ആർ.ഒ), പ്രധാനമന്ത്രി ആവാസ് യോജന (പി.എ.വൈ) എന്നീ പ ദ്ധതികൾ കുടുംബശ്രീ,മുഖേന നടപ്പിലാക്കിവരുന്നു. |
| (സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിക്കപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല. എന്നാൽ തിരിച്ച ടയ്ക്കാമെന്ന വ്യവസ്ഥയിൽ താൽക്കാലികമായി ബി.എസ്.യു.പി., എസ്.ജെ.എസ്.ആർ.വൈ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക പ്ലാൻ ഫണ്ടിനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. |
| (ഡി) കുടുംബശ്രീ ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ വിദേശത്തുവച്ച് നടന്ന പരിപാടികളിൽ കുടുബശ്രീയുടെ ചെലവിൽ യാത്ര ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | ലോകത്തിന് തന്നെ മാതൃകയായ കുടുംബശ്രീ പ്രസ്ഥാനം സ്ത്രീശാക്തീകരണത്തിന് വേണ്ടി ഉചിതമായ രീതിയിൽ ദക്ഷിണാഫ്രിക്കയിലും നടപ്പിലാക്കുന്നതിന് വേണ്ട ചർച്ചകൾ നടത്താനായി കുടുംബശ്രീ ചെയർമാനും അംഗങ്ങളും ദക്ഷിണാഫ്രിക്ക സന്ദർശിച്ചിരുന്നു. ഇതിനുള്ള മുഴുവൻ ചിലവും കേന്ദ്ര ഫണ്ടായ NRO യാണ് വഹിച്ചത്. |

ഇതിന് കുടുംബശ്രീ ഫണ്ട് വിനിയോഗിച്ചിട്ടില്ല.
ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ NRO യും ദക്ഷിണാഫ്രിക്കയിലെ ഫ്രീ സ്റ്റേറ്റ് പ്രോവിൻസുമായും ഒപ്പിടേണ്ട ധാരണാപത്രം തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ